സംരക്ഷിത തണ്ണീർതടങ്ങളിൽ ഉൾപ്പെടുത്തിയ കായലുകളുടെ സംരക്ഷണം

52 [209] ശ്രീ. വർക്കല കഹാർ :

,, എൻ. ശക്തൻ :

,, സി. പി. മുഹമ്മദ് :

,, കെ. എ. ചന്ദ്രൻ :

ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും കായലുകളെ സംരക്ഷിത തണ്ണീർ തടങ്ങളിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കായലുകളെയാണ് സംരക്ഷിത തണ്ണീർ തടങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്;

(സി) ഇവയുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഡി) ഇവയിലെ ആവാസ വ്യവസ്ഥകളെ നിലനിർത്തുന്നതിനും ഇവയുടെ കരയോട് ചേർന്ന ഭാഗങ്ങളിലെ കണ്ടൽ ചെടികളെയും മറ്റു ചെടികളെയും നില നിർത്തുന്നതിനും സ്വീകരിച്ച നടപടികളെന്തെല്ലാമാണ്;

(ഇ) ഈ തണ്ണീർതടങ്ങളിൽ ഏതിലെല്ലാം വിഷാംശങ്ങളും ഉപദ്രവകാരികളായ അണുക്കളും കൂടിയതോതിൽ കണ്ടുവരുന്നു;

(എഫ്) ഈ തണ്ണീർ തടങ്ങളിൽ പ്രത്യേകിച്ച് വേമ്പനാട്ടുകായലിൽ ഉണ്ടായിട്ടുള്ള കയ്യേറ്റം ഒഴിവാക്കുവാൻ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. അഷ്ടമുടി കായൽ
2. വേമ്പനാട് കായൽ
3. ശാസ്താംകോട്ട കായൽ

(സി) വേമ്പനാട് കായലിന്റെ സംരക്ഷണത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള പ്രാഥമിക നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും കോഴിക്കോട്ടെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റും കൈക്കൊണ്ടുവരുന്നു. അഷ്ടമുടി, ശാസ്താംകോട്ട എന്നീ കായലുകളുടെ സംരക്ഷണത്തിനുള്ള പഠന റിപ്പോർട്ട് ജലവിഭവ വകുപ്പിന്റെ കീഴിൽ തയ്യാറാക്കിവരുന്നു.

2/402/2012—16.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനങ്ങളിൽ ഈ ജലാശയങ്ങളിൽ വിഷാംശങ്ങൾ കൂടിയ തോതിൽ ഉള്ളതായി കണ്ടിട്ടില്ല. എന്നാൽ മനുഷ്യന്റെയും മൃഗങ്ങളുടെയും വിസർജ്യത്തിൽ നിന്നുള്ള 'കോളിഫോം' ബാക്ടീരിയായുടെ അളവ് അനുവദനീയമായ തോതിൽ കൂടുതലായി കണ്ടിട്ടുണ്ട്.

(എഫ്) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ വയലാർ കിഴക്ക്, തുറവൂർ തെക്ക്, പള്ളിപ്പുറം എന്നീ വില്ലേജുകളിലായി അനധികൃതമായി കായൽ പുറംപോക്ക് കൈയേറി ബണ്ട് നിർമ്മിച്ച് ചെമ്മീൻ കൃഷി ചെയ്തുവന്നിരുന്ന 29 അനധികൃത പ്രവേശനം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുണ്ട്.

വെള്ളായണിക്കായലിന്റെ സംരക്ഷണം

53 [210] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ശുദ്ധജലതടാകങ്ങളുണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത ശുദ്ധജലതടാകങ്ങൾ സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളത്തിലെ ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണിക്കായൽ നിക്ഷിപ്ത താല്പര്യക്കാർ കയ്യേറി നികത്തുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വെള്ളായണിക്കായൽ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(എഫ്) വെള്ളായണിക്കായൽ സംരക്ഷണത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പ്രധാനമായി നാല് ശുദ്ധജല തടാകങ്ങളാണ് ഉള്ളത്. ശാസ്താംകോട്ടക്കായൽ (കൊല്ലം ജില്ല), വെള്ളായണിക്കായൽ (തിരുവനന്തപുരം ജില്ല), പൂക്കോട് തടാകം (വയനാട് ജില്ല), ഇലവീഴാ പൂഞ്ചിറ (ഇടുക്കി ജില്ല).

LIBRARY ARCHIVES Kerala Legislative Assembly